**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1434** **19-09-2025 - ൽ മറുപടിയ്ക്ക്**

**പൊന്നാനിയിലെ ടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊന്നാനി കൂടി ഉൾപ്പെട്ട പൈതൃക ടൂറിസം, സ്പൈസ് റൂട്ട് ടൂറിസം പദ്ധതികൾ ആരംഭിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള റൂട്ട് മാപ്പുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | സ്പൈസ് റൂട്ട് ടൂറിസത്തിന്റെ കീഴിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു തുറമുഖ പട്ടണം ആണ് പൊന്നാനി. പൊന്നാനിയുടെ ചരിത്ര പുരാവസ്തു പ്രാധാന്യങ്ങൾ മനസ്സിലാക്കുന്നതിനായി 2019-ൽ തന്നെ മുസിരിസ് പൈതൃക പദ്ധതി സ്പൈസ് റൂട്ട് പൈതൃക പദ്ധതിയുടെ ഭാഗമായി നിരവധി തവണ ഉപരിതലപര്യവേഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതാണ്. ആയതിനാൽ നിലവിൽ മുസിരിസ് പൈതൃക പദ്ധതി KTIL മായി ബന്ധപ്പെട്ടു കൊണ്ട് മുന്നോട്ടു വച്ചിട്ടുള്ള കൊല്ലം മുതൽ ബേപ്പൂർ വരെയുള്ള പ്രദേശങ്ങളുടെ മാസ്റ്റർ പ്ലാൻ പ്രവർത്തനങ്ങളിൽ പ്രസ്തുത പ്രദേശത്തെ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട് . ഇതിന്റെ ആദ്യഘട്ടത്തിൽ പൊന്നാനിയിലെ മിസിരി പള്ളിയുടെ പുനരുദ്ധാരണ സംരക്ഷണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് തുറന്നു കൊടുത്തിരുന്നു. മാത്രമല്ല പൈതൃക വിനോദസഞ്ചാര സർക്യൂട്ടുകൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായും പൊന്നാനിയിലെ ചരിത്ര പ്രധാന സ്ഥലങ്ങൾ ഉൾപ്പെടുത്തി സർക്യൂട്ട് മാപ്പുകളും വികസിപ്പിക്കുന്നതിന്റെ നടപടികൾ നടന്നുവരികയാണ്. |
| (ബി) | മലബാർ ലിറ്ററി ടൂറിസം സർക്യൂട്ട് പദ്ധതിയുടെ ഭാഗമായി പൊന്നാനിയിൽ ആരംഭിക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ? | (ബി) | മലബാർ ലിറ്ററി ടൂറിസം സർക്യൂട്ട് പദ്ധതിയുടെ ഭാഗമായി പൊന്നാനിയിൽ നിലവിൽ പദ്ധതികളൊന്നും നടപ്പിലാക്കി വരുന്നില്ല. |

സെക്ഷൻ ഓഫീസർ